
# AMMHS

# KARAVALOOR



# EDU PACK

little KITEs

# EDU PACK

പ്രസിദ്ധീകരിക്കുന്നത് :

## ലിറ്റിൽ കൈറ്റ്സ്

2019 -2021

**യൂണിറ്റ് നമ്പർ - LK/2018/40016**



# EDITORIAL BOARD

***CHIEF EDITOR : K G THOMAS***

***STAFF EDTOR : SHINY L***

***BINCY BABU***

***STUDENT EDITOR :ADITHYAN P***

***EDITORAL BOARD : ANCY M ACHAN KUNJ (SITC)***

***ADITHYAN U***

***AKSA SAJI***

***RIYA VARGHESE***

` ***NOSHIN BINOY***

***SIVA SAJEEV***

# സന്ദേശം



67 വർഷങ്ങളായി തലമുറകൾക്ക് അക്ഷര വെളിച്ചം പകർന്നു നൽകിയ എ. എം. എം. ഹൈസ്കൂൾ ഈ പ്രദേശത്തിന്റെ പുതുസ്വത്തായി മാറിയിരിക്കുന്നു. വിവരസങ്കേതിക വിദ്യയിൽ പൊതു വിദ്യാഭ്യാസ രംഗം വളരെ മികച്ച നേട്ടങ്ങൾ കൈവരിച്ചു കഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ സ്കൂളിലെ കുട്ടികളുടെ സർഗാത്മകതയും ഐ.റ്റി മികവും കൂട്ടിക്കലർത്തി, ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസീൻ "എഡ്യൂ പാക്ക് " ഈ സ്കൂളിന്റെ ഉയർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നു.  ഓർമകളുടെ ഉണർത്തു പാട്ടായി നില നിൽക്കാൻ ഈ മാഗസിനു കഴിയട്ടെ എന്ന് ആശംസിക്കുന്നു .




കെ ജി തോമസ്

ഹെഡ്മാസ്റ്റർ

## വിദ്യാഭ്യാസം.ഇന്നിന്റെ പ്രസക്തി

ഇരുകാലിമൃഗമായി ജനിക്കുന്ന മനുഷ്യനെ പൂർണ്ണനാക്കുക എന്നുള്ളതാണ് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം. വിദ്യാഭ്യാസം രണ്ടുകാര്യങ്ങൾക്ക് ഊന്നൽ നൽകുന്നു. ഒന്ന് ഒരുവന്റെ നൈസർഗികവാസനകളെ പരിപോഷിപ്പിക്കാൻ, രണ്ട് ആശ്രമ ധർമ്മങ്ങൾ യഥാവിധിഅനുഷ്ഠിക്കാൻ ഒരു മനുഷ്യനിൽ രണ്ടുതരം വാസനകളുണ്ട്. ഒന്ന് നൈസർഗികമായ വാസനയും മറ്റേത് സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വാസനയും.

പഠിക്കുക, പഠിപ്പിക്കുക, ആചരിക്കുക, ആചരിപ്പിക്കുക ഇവ നാലും ചേർന്നതാണ് വിദ്യാവസ്ഥാചതുഷ്ടയം. വിദ്യാഭ്യാസ ലക്ഷ്യവും ഇതുതന്നെയായിരിക്കണം. വിദ്യയോട് ആദരവുണ്ടായിരുന്ന പൗരാണിക ഭാരത്തിൽ ഗുരുകുല വിദ്യാഭ്യാസരീതിയ്ക്കായിരിന്നു പ്രാമാണ്യം. ഇതാണ് പ്രകൃതിസിദ്ധമായ വിദ്യാഭ്യാസ രീതി. നളന്ദയും തക്ഷശിലയും പൗരാണിക ഭാരതത്തിലെ വിദ്യാഭ്യാസരീതിയ്ക്ക് മകുടോദാഹരണമായിരുന്നു. പ്രകൃത്യനുസരണമായ വിദ്യാഭ്യാസ രീതി വളർത്തികൊണ്ടുവരാൻ ആധുനികകാലത്ത് ടാഗോർ ശ്രമിച്ചതിന്റെ ഫലമാണ് ശാന്തിനികേതൻ.

വിദ്യാഭ്യാസ പ്രക്രിയയിലൂടെ നാം നടത്തിക്കൊണ്ടിരിക്കുന്ന സംസ്കരണഫലമായി നമ്മിലുണ്ടായ ഉദാത്തമായ അവസ്ഥയെ സംസ്കാരമെന്നു പറയാം. അകവും പുറവും പോലെ എടുത്തുമാറ്റാൻ പറ്റാത്ത തരത്തിൽ ചേർന്നിരിക്കുന്നവയാണ് വിദ്യാഭ്യാസവും സംസ്കാരവും. ജീവിതാനുഭവങ്ങളുടെ ബുദ്ധിക്ക് ലഭിച്ച അഭ്യാസമാണ് ഒരുവനെനന്മതിന്മകളെ വേർത്തിരിക്കുവാനും ത്യാജഗ്രാഹ്യവിവേചനത്താൽ ത്യജിക്കേണ്ടതിനെത്യജിക്കാനും ഗ്രഹിക്കേണ്ടതിനെഗ്രഹിക്കുവാനും പ്രാപ്തനാക്കുന്നത്.

ഒരു സമൂഹം ശ്രേഷ്ഠമാകണമെങ്കിൽ അതിലെ അംഗങ്ങൾ നന്മയുള്ളവരാകണം. മനുഷ്യനന്മയെ സഹായിക്കുന്ന ആദർശങ്ങളും ജീവിതരീതികളും പരിപാലിക്കാൻ വേണ്ട മനസാന്നിദ്ധ്യവും ലഭിക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ നിന്നാണ്. വിജ്ഞാനം വളരുന്നതിനോടൊപ്പം അടിസ്ഥാനമൂല്യങ്ങളും വളർത്തണം. ഇവിടെയാണ് സംസ്കാരവും വിദ്യാഭ്യാസവും കൈകോർക്കുന്നത്..

ഷൈനി എൽ
ടീച്ചർ

# എൻെറ വിദ്യാലയം

ഞാനൊരു വിദ്യാർഥിയായ്

ണെൻ പാഠമീജ്ജീവിതം;

നൂനമെൻ, ഗുരുനാഥര-

ജ്ഞാതരേതോ ദിവ്യർ.

തിങ്കളും താരങ്ങളും,

തൂവെള്ളി കതിർ ചിന്നും

തുംഗമാം വാനിൻ ചോട്ടി-

ലാണെന്റെ വിദ്യാലയം!

ഇന്നലെ കണ്ണീർവാർത്തു

കരഞ്ഞീടിനവാന-

മിന്നിതാ ചിരിക്കുന്നു,

പാലൊളി ചിതറുന്നു;

മുൾച്ചെടിത്തലപ്പിലും

പുഞ്ചിരിവിരിയാറു-

ണ്ടച്ചെറു പൂന്തോപ്പിലെ

പനിനീരുരയ്ക്കുന്നു;

മധുവിൻ മത്താൽ പാറി

മൂളുന്നു മധുപങ്ങൾ;

'മധുരമീ ജീവിതം,

ചെറുതാണെന്നാകിലും'

ആരെല്ലെൻ ഗുരുനാഥ-

രാല്ലെൻ ഗുരുനാഥർ?

പാരിതിലെല്ലാമെന്നെ

പഠിപ്പിക്കുന്നുണ്ടെന്തോ!

നോഷിൻ ബിനോയ്

**9A**

# Spring

In the early part of spring,
You will hear, many birds sing.
They are just letting, the rest of us know,
Winter is over, spring melted the snow.


You will notice, a beautiful scene,
The trees will slowly, begin to turn green.
Chipmunks and bunnies will come out and play,
Bears will no longer, sleep during the day.

It's exciting, when spring finally arrives,
Bees will make honey, inside their hives.
So much to do, so much to see,
Insects and animals, are happy and free.

**ANUSHA ANI THOMAS**

**9A**

## കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ



കുഞ്ഞുണ്ണിക്കൊരു മോഹം
എന്നും കുഞ്ഞായിട്ടു രമിക്കാൻ
കുഞ്ഞുങ്ങൾക്കു രസിച്ചീടുന്നൊരു
കവിയായിട്ടു മരിക്കാൻ

സത്യമേ ചൊല്ലാവൂ
ധർമ്മമേ ചെയ്യാവൂ
നല്ലതേ നൽകാവൂ
വേണ്ടതേ വാങ്ങാവൂ

ഒരു വളപ്പൊട്ടുണ്ടെൻ കയ്യിൽ
ഒരു മയിൽപ്പീലിയുണ്ടെന്നുള്ളിൽ
വിരസ നിമിഷങ്ങൾ സരസമാക്കു
വാനിവ ധാരാളമാണെനിക്കെന്നും.

ജീവിതം നല്ലതാണല്ലോ
മരണം ചീത്തയാകയാൽ

ഉടുത്ത മുണ്ടഴിച്ചിട്ടു
പുതച്ചങ്ങു കിടക്കുകിൽ
മരിച്ചങ്ങു കിടക്കുമ്പോ
ഴുള്ളതാം സുഖമുണ്ടിടാം.

ഞാനെന്റെ മീശ ചുമന്നതിന്റെ
കൂലിചോദിക്കാൻ
ഞാനെന്നോടു ചെന്നപ്പോൾ
ഞാനെന്നെ തല്ലുവാൻ വന്നു.

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലു വച്ച പാത്രം
വൃത്തിയാക്കി വച്ചു.

ഹരികൃഷ്ണൻ ബി

9A

# Winter

**If winter were a person, she would be a girl with frosty hair.**

**Winter would wear snow pants, snow boots, gloves, a hat, and scarf.**

**Winter would smell like hot chocolate and peanut butter and Hershey Kiss cookies**

**baking in the oven.**

**Winter would spend the day eating cookies and drinking hot cocoa by a lake.**

**Winter would spend the night by sitting in the snow waiting for morning so children could**

**come out to play.**

**ABIN MANOJ**
**9A**

# വിദ്യലയം എന്ന ദിവ്യ പ്രകാശം

വിദ്യാലയമാകുമെന്റെ ഗോഹം സമ്പൽ
ളുവൽ സ്പർശമെന്റെ വിദ്യാലയം
ഇരുൾ മൂടിക്കിടക്കുന്ന മനസ്സിനെ ദീപം
തെളിയിച്ചുണർത്തിയെൻ വിദ്യാലയം
അമ്മയാം സ്നേഹം തന്നുണർത്തുമെൻ അദ്ധ്യാപകൻ
അറിവിന്റെ സ്നേഹപ്പൂതപ്പിനാൽ മൂടുമെൻ വിദ്യാലയം
ഇന്നീ പടികളിൽ എത്തുമ്പേൾ
എന്തെന്നറിയാത്ത അനന്ദമോ!
മാധുര്യ സ്പന്ദങ്ങളാൽ ചൂവിടുന്ന എൻ വിദ്യാലയം
അഗ്നിയെപ്പോലെ ജ്വലിച്ചു നിൽക്കുകയാണെൻ
വിദ്യാലയം മറ്റെന്തിനേക്കാളും
വിദ്യാലയം എന്ന പദത്തിലൂടെ
വിദ്യ എന്ന ദീപം തെളിയുകയാണ്
അറിവിന്റെ ലോകമാം എൻ വിദ്യാലയം

സാനിയാ സജി
9 A

# *The Rainbow*

**Boats sail on the rivers**

**And ships sail on the seas;**

**But clouds that sail across the sky**

**Are prettier than these.**

**There are bridges on the rivers,**

**As pretty as you please;**

**But the bow that bridges heaven,**

**And overtops the trees,**

**And builds a road from earth to sky,**

**Is prettier far than these.**

**ADARSH M**
**9 A**

# എന്റേ കേരളം



ഞാനോരു മലയാളി
മണ്ണിൽ മലയാളി
ഞാൻ ആദ്യമായി ഉച്ചരിച്ച
ഭാശയാണ് മലയാളം
ഞാൻ ആദ്യമായി ഉച്ചരിച്ച
വാക്കാണെൻ മലയാളം
ഞാൻ ആദ്യമായി ക----
ണെൻ അമ്മയായ കേരളം
ഞാൻ പിച്ചവച്ചതാണെൻ
കുഞ്ഞ് കെരളത്തിൽ
പക്ഷികളുടെ ള്ളവൽ പൊലെ
സ്വപ്നം കണ്ടതാണെൻ കേരളത്തെ
ഒരു ള്ളവൽ പൊലെ
പറന്നതാണ്
മലയാളകരയിലെ
അക്ഷരക്കൂട്ടങ്ങൾ

റ്റീന വർഗ്ഗീസ്
9B

# ***NATURE..***





Nature is the heart of earth. Nature heals us. We have a strong bond and emotional connecting with nature. Things like weather, organisms, landforms, celestial bodies and much more are part of nature.

Nature is that natural and physical world that surrounds us and makes life possible on earth. The serenity of nature calms our heart the stillness and movement in nature both have a hypnotizing effect. The unfolding creativity of nature is an art. The practise of devoting ourselves to the bliss of nature is soothing and reviving. Everyone loves to escape away in the mysteries of nature . Nature is an god's gift......

NANDHANA J
9B

# മീനുകളും മുതലയും

ഒരിക്കൽ അഹങ്കാരികളായ രണ്ട് മീനുകൾ കണ്ടുമുട്ടി. "നിന്നെ കാണാൻ ഒന്നിനും കൊള്ളില്ല.ഞാനാണ് സുന്ദരി". ഒരു മീൻ പറഞ്ഞു. "ഹും ഞാനാണ് സുന്ദരി. നിന്നെ കാണാൻ കൊള്ളില്ല". രണ്ടാമത്തെ മീനും വിട്ടുകൊടുത്തില്ല. ഇതു കേട്ട് ഒന്നാമത്തെ മീൻ പറഞ്ഞു."നീളമുള്ള ഞാനാണ് നിന്നേക്കാൾ സുന്ദരി". ഒടുവിൽ അവർ തമ്മിൽ തർക്കമായി. അപ്പോഴാണ് ഒരു മുതല അതു വഴി വന്നു. അവർ മുതലയുടെ അടുത്തെത്തി. എന്നിട്ട് തങ്ങളുടെ തകർക്കത്തെക്കുറിച്ച് പറഞ്ഞു. "നിങ്ങൾ രണ്ടുപേരുമല്ല. ഞാനാണ് കൂടുതൽ സുന്ദരി.കണ്ടില്ല,എന്റെ കൂർത്ത പല്ലുകൾ. ഇത്രയും പറഞ്ഞിട്ട് മുതല മീനുകളെ പിടി കൂടാനായി പാഞ്ഞുവന്നു.മീനുകൾ വേഗം നീന്തി രക്ഷപ്പെട്ടു. വെറുതെ തർക്കിച്ച നമ്മൾ ഇപ്പോൾ അപകടത്തിലായേനേ .മീനുകൾക്ക് തെറ്റു മനസ്സിലായി......



അർജ്ജുൻ കാർത്തിക്ക്

9B

# *Galileo Galilei*



***Galileo Galilei***15 February 1564 – 8 January 1642) was an Italian polymath. Galileo was originally going to be a doctor but became a tutor instead. He was a professor of mathematics and natural science in Padua and Pisa. People most remembered him today for his conflict with the Catholic Church of his day, which led to his trial for heresy by the Inquisition. Galileo worked more at physics than at astronomy. He studied natural forces, and was one of the most important discoverers of the part of physics that is now called kinematics, including the discovery of the kinematic principle of relativity.Galileo Galilei died on 8 January 1642 (aged 77) in

Previously, he was buried in a small room next to the novices' chapel at the end of a corridor. Later, he was reburied in the main body of the basilica in 1737 after a monument had been built there in his honour.

Adithyan P

9 A

# സ്നേഹപൂർവ്വം അമ്മയ്ക്ക്

അകലെ കിനാവിന്റെ ഉമ്മറത്തെന്നമ്മ
അരികെവാ എന്നോതി മാടി വിളിക്കവേ
അതു കേട്ടോരടിയും ചലിക്കുവാൻ കഴിയാതെ
അതിരുകൾക്കിപ്പുറം ഞാനും തളർന്നുപോയ്
അതിരുകൾക്കിപ്പുറം ഞാനും തളർന്നുപോയ്

തിരികെട്ടുപോയാ വിളക്കിന്റെ മുൻപിൽ
ഞാൻ തിരയുന്ന ജീവിതസൗഖ്യങ്ങളിക്കരെ
തിരയുന്ന ജീവിതസൗഖ്യങ്ങളിക്കരെ
ഉരുകുന്ന മരുവിന്റെ നെഞ്ചിലെഅഗ്നിയിൽ
ഉള്ളിലെ കനവുമെന്നായുരാരോഗ്യവും

മാറുന്ന കലത്തിലേറും പരിഷ്കൃതി
പേറുന്ന നീറുന്ന പാവം അന്യദേശക്കാർ
കോറിയ ചിത്റങ്ങളോർത്ത് ഞാൻ നിൽക്കവേ
ചാറിയ മിഴിനീരിലർഥമാരറിയുവാൻ
ചാറിയ മിഴിനീരിലർഥമാരറിയുവാൻ

*അന്നാ റെയിച്ചൽ റെജി*
*9A*

# Snow Day

**Snow is falling to the ground,**
**Piling up in enormous mounds.**
**School is canceled for the day.**
**Children run outside to play.**

**Snowballs are thrown in the air.**
**No one has any care**
**About school - only fun,**
**Because the day is a snowy one.**

**Snowmen are stacked very high;**
**Their top hats almost skim the sky.**
**To make them round, they must pat,**
**Then finish off with mittens and hat.**

**As the weather gets cold,**
**The children are told**
**To come inside and eat -**
**Enjoy hot chocolate with a couple treats.**

**Once the kids are done,**
**They put on their gear for some more fun.**
**Some of them play around,**
**While other kids just lay on the ground.**

**Another kid makes snow angels**
**Until the dog named Bojangles**
**Runs through his masterpiece,**
**But then the owner yells cease.**

**After Bojangles**
**Ruins all the snow angels,**
**Kids slide down the hill**
**'Til they are bitten by a chill.**

**Almost over is the day.**
**The children start to walk away.**
**As snow falls, so does the sun.**
**Time to go in; the day is done.**

**ANJALI UNNI KRISHNAN**
**7A**

# മാതൃവന്ദനം

വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ വരേണ്യയെ, വന്ദിപ്പിൻ വരദയെ
എത്രയും തപശ്ശക്തി പൂണ്ട ജാമദഗ്ന്യന്ന
സത്രാജിത്തിനു പണ്ടു സഹസ്രകരൻ പോലെ

പശ്ച്ചിമരത്നാകരം പ്രീതിയാൽ ദാനം ചെയ്ത
വിശൈ്വകമഹാരത്നമല്ലീ നമ്മുടെ രാജ്യം?
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ സമുദ്രാത്മഭ്രവാമീ ശ്രീദേവിയെ

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വെച്ചും
സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു-
കൊള്ളുന്നു,കുമാരിയും ഗോകർണ്ണേശനുമമ്മ

സ്നേഹ സക്കറിയ

9A

# WINTER ANIMALS




*Winter is cold*
*There is snow in the sky*
*The squirrel gathers nuts*
*And the wild geese fly*

*The fluffy red fox*
*Has his fur to keep warm*
*The bear's in her cave*
*Sleeping all through the storm*

*KRIPA BIJU*
*9A*

# ആരു ഞാനാകണം

ആരു ഞാനാകണം എന്നുണ്ണി ചോദിക്കി-
ലാരാകിലും നല്ലതെന്നുത്തരം!
ഉച്ചയ്ക്ക് തീവെയിൽ കൊള്ളുന്ന പൂവിനെ
തൊട്ടുതലോടും തണുപ്പാവുക...
ഇറ്റുവെള്ളത്തിനായ് കേഴുന്ന ജീവൻറെ
ചുണ്ടിലേക്കിറ്റുന്ന നീരാവുക...
ആപത്തിലൊറ്റയ്ക്കു നിൽക്കുന്നൊരുത്തൻറെ
കൂടെക്കരുത്തിന്റെ കൂട്ടാവുക...
വറ്റിവരണ്ടു വായ് കീറിയ മണ്ണിൻറെ
യുള്ളം നിറയ്ക്കുന്ന മഴയാവുക...
മഴയത്തു പുസ്തകം നനയാതെ കാക്കുവാൻ
വലയുന്ന കുഞ്ഞിന്നു കുടയാവുക...
വഴിതെറ്റിയുൾക്കടലിലിരുളിൽക്കിതയ്ക്കുന്ന
തോണിയ്ക്കു ദിശതൻ വിളക്കാവുക...
ഉറ്റവരെയാൾക്കൂട്ടമൊന്നിലായ് തിരയുന്ന,
കരയും കുരുന്നിന്നു തായാവുക...
ആഴക്കയത്തിലേയ്ക്കാഴ്ന്നു താഴും ജീവ-
നൊന്നിന്നുയിർപ്പിന്റെ വരമാവുക...
വയറെരിഞ്ഞാകേ വലഞ്ഞോനൊരുത്തൻറെ
പശിമാറ്റുമുരിയരിച്ചോറാവുക...
അന്തിയ്ക്ക് കൂടണഞ്ഞീടുവാൻ മണ്ടുന്ന
പെണ്ണിന്റെ കൂടപ്പിറപ്പാവുക...
ആകെത്തണുത്തു വിറയ്ക്കുന്ന വൃദ്ധന്നു
ചൂടിന്റെ രോമപ്പുതപ്പാവുക...
അറിവിന്റെ പാഠങ്ങളൊക്കേയുമരുളുന്ന
ഗുരു സമക്ഷം കൂപ്പുകയ്യാവുക...
നിലതെറ്റി വീഴുന്ന കൂടപ്പിറപ്പിനെ-
ത്താങ്ങുന്നൊരലിവിന്റെ നിഴലാവുക...
അച്ഛനുമമ്മയ്ക്കുമെപ്പോഴുമുണ്ണി നീ
വളരാതെയൊരുനല്ല മകനാവുക!

അദിത്യൻ യു
9 A

# Our Love For Nature

Our love for nature, has its roots,
It offers life, it offers fruits.
Not just beauty, it's way beyond,
A peaceful lake or just a pond.

Our love for nature, keeps us close,
Rocks erode, as the river flows.
From a hilltop, to the sea,
Towards the sky, grows BHIa tree.

Our love for nature, gives us peace,
Seasons change, flying geese.
Nature shall thrive, if we combine,
Your love for it, along with mine.

ALEN SHIBU
9A

# നിലാവിന്റെ നിറം

ഉള്ളിൽ തെളിഞ്ഞ മുഖമിന്ന്
നിലാവിന്റെ നിറമാണ്
ഇടവഴികളിൽ തെളിച്ചവരുടെ..
പുലരിമുതൽ
സൂര്യനുദിച്ചപ്പോൾ ഭരണങ്ങാനം..
സഹനമെന്നാൽ സുകൃതമെന്നും..
സമം ചെയ്യു നിൻ വഴികൾ
അയലത്തെ അമ്മയാണ്...
അൽഫോൻസാ!
അറിയല്ല പറയാൻ
പ്രാർത്ഥനയല്ല
നിൻമുമ്പിലൊരു സ്നേഹകാവ്യം
സഹനത്തിൻ പുണ്യം രചിക്കാൻ
അടയാളവാക്യമായ്
നിൻ ജീവിതം
ഞാൻ നിന്ന് ആകാശം തേടുന്ന
കേട്ടും വേദനയാൽ സഹനത്തിൽ പതറുന്നു..
നിൻ മുമ്പിലെൻ വേദനയ്ക്കർത്ഥമില്ല..
സഹനത്തിൽ സ്വർഗ്ഗം ചാരത്ത്
നിലാവിന്റെ നിറമാകാൻ ഞാൻ വരട്ടെ..

അശ്വിനി എസ് കുമാർ
9A

# *Mountains*

Stretch above land, into their peak,
It is the sky, they constantly seek.
In the far distance, we notice their height,
A view from the top - spectacular site!

Closely positioned, to form a range,
Human eyes, won't notice them change.
Not a prisoner, to immediate time,
Challenges many; unforgiving climb

So much more, beyond their beauty,
Sheltering species, that is their duty,
Mountains are members, of the nature we know,
Way at the top, they often have snow.

ALAN LAL
9A

# വിരലുകളുടെ കഥ

ഒരിക്കൽ കൈയിലെ അഞ്ചു വിരലുകൾ തമ്മിൽ ഒരു തർക്കമുണ്ടായി. അവരിൽ ആരാണ് നേതാവ് എന്നായിരുന്നു തർക്കം. തള്ളവിരൽ പറഞ്ഞു" എന്തും, എടുക്കാനും,എഴുതാനും ഞാൻ വേണം". ചൂണ്ടുവിരൽ വാദിച്ചു "എന്തിനെയും ചൂണ്ടികാണിക്കാനും ഒന്നാമത് എന്നു സൂചിപ്പിക്കാനും ഞാൻ വേണം". നടുവിരൽ പറഞ്ഞു "നീളത്തിൽ ഞാനാണ് ഒന്നാമൻ -ജന്മനാ നേതാവ്...." അണിവിരൽ അവകാശപ്പെട്ടു. "വിവാഹമോതിരം അണിയുന്നത് ഞാൻ ആണ്,കുടുംബത്തിൻെറ കിരീടവും,സ്നേഹത്തിൻെറ പ്രതീകവും ആണ് മോതിരം". ഇതെല്ലാം കേട്ട് ചെറുവിരൽ പറഞ്ഞു "ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ്,കൈ തൊഴുമ്പോൾ ഞാനാണ് മുൻപിൽ നിൽക്കുന്ന നേതാവ്". അവസാനം, കൈയുടെ ഉടമസ്ഥൻ പറഞ്ഞു. "നിങ്ങൾ എല്ലാവരും എനിക്ക് ഒരുപോലെ പ്രാധാന്യവും പ്രിയകരവുമാണ് ഒറ്റയ്ക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്. എന്നാൽ ഒത്തുശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും."

ജിഷിക അർ എസ്

9A

# Nature Reveals

Our physical world, respect and explore,
Where water meets land; a beautiful shore.
Mountains we conquer, look down in awe,
If you're an artist, make sure you draw.

Nature exciting, adventurously new,
Much more to see, than a sky that is blue.
It offers so much, open your eyes,
Hope of today, with every sunrise.

Nature shall feed, body and soul,
Some call it home, others a hole.
Memories are nurtured, when nature reveals,
Sharing its pleasures, amazing it feels.

**ALVIN PAUL MATHEW**

**9B**

# നിലാവ്

നറു ചിരി വിതറാൻ
ചിരിയൊളി പകരാൻ
വിരുന്നെത്തയീന്നും
വണ്ണിൽ നിന്നീ വെഎണ്ണിലാവ്

ഇരവിന്നിരുളിൽ
വഴിയേറിയാതുഴലും
നേരത്തെൻ ചാരാത്തായണയും

മണ്ണിന്നിരുളകലാൻ , കണ്ണിൽ
കൗതുക കാഴ്ചകൾ തെളിയാൻ
കനിവിൽ നീയും നിറയും നിന്നിൽ
കുളിരും കൂട്ടായണയും
നിറ നിലാകുടവ്വുമായെന്നുമെൻ
അരികിലണയുമോനീ നിലാവെ....

അക്സ സജി
9A

# *Let's Preserve Our Nature*

**The sun is shining,**
**The sky is blue,**
**The birds are flying,**
**And the breeze is so cool.**

**Mother Nature is trying her best**
**To give nothing but beautifulness,**
**But what do we do?**
**Make her a mess.**

**Let's make her the best**
**By polluting less and less,**
**And preserve her green dress**
**For our kids and the rest.**

**ABHISHEK R KRISHNA**
**9A**

# Friends

**How good to lie a little while**
**And look up through the tree!**
**The Sky is like a kind big smile**
**Bent sweetly over me.**

**The Sunshine flickers through the lace**
**Of leaves above my head,**
**And kisses me upon the face**
**Like Mother, before bed.**

**The Wind comes stealing o'er the grass**
**To whisper pretty things;**
**And though I cannot see him pass,**
**I feel his careful win.**

**So many gentle Friends are near**
**Whom one can scarcely see,**
**A child should never feel a fear,**
**Wherever he may be.**

***ADITHYAN U***
***9A***

# മനുഷ്യശരിരത്തിൽ ജലം

മനുഷ്യശരിരത്തിൻെറ മൂന്നിൽ രണ്ട് ഭാഗവും ജലമാണ് .

നവജാതശിശുവിൽ എഴുപത്തിയെഴ് ഭാഗവും പ്രായപൂർത്തിയായ ഒരാളിൽ അറുപത്തിഞ്ച് ഭാഗവും പ്രായം ചെന്നവരിൽ അമ്പത് ഭാഗവും ജലം ഉണ്ട്. ശരീരത്തിൻെറ വിവിധഭാഗങ്ങളിലേയ്ക്ക് ഓക്സിജനും പോഷകഘടകങ്ങളും എത്തിക്കുക എന്നതാണ് പ്രധാനധർമ്മം. ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങളും വിഷവസ്തുക്കളും നീക്കം ചെയ്യുന്നു. ഇപ്രകാരം ശരീരോഷ്മാവ് നിയന്ത്രിക്കുക. ഉപാപചയപ്രവർത്തനങ്ങളെ നിയന്ത്രിക്കുക എന്നിവയും ജലത്തിൻെറ ധർമ്മങ്ങളാണ്. പ്രായപൂർത്തിയ ഒരാളുടെ ശരീരത്തിൽ മുപ്പത്തിഞ്ച് ലിറ്ററോളം ജലം ആവശ്യമാണ്.

ശ്രികുട്ടി എ അർ
9A

# *Deep Link*

Oceans, lakes, rivers, and streams,
Untouched wilderness, in our memories and dreams.

Mental and physical pleasures of fresh air,
Pleasant surprises, we stop and we stare.

A place where we could sit and just think,
That nature and humans, share a deep link

AJIN REJI
9A

# മീനിൻെറ കഥ

കരയിലെ ജീവിതം ഇഷ്ടപ്പെട്ടിരുന്ന ഒരു കുഞ്ഞു മീൻ ഉണ്ടായിരുന്നു. “ഹായ്, പൂക്കളും ചെടികളും പൂമ്പാറ്റകളും എത്ര സുന്ദരമാണ് അവിടം ",അവൻ മനസ്സിൽ കരുതും അങ്ങനെ ഒരു ദിവസം അവൻ ചങ്ങാതി ആമയോട് ഒരു സഹായം ചോദിച്ചു "ആമക്കുടാ എന്നെ ഒന്നു കരയിലെത്തിക്കാമോ?”ആവശ്യം കേട്ട് ആമക്കുട്ടൻ ഞെട്ടി. ചങ്ങാതി മീനുകൾക്ക് കരയിൽ ജീവിക്കാൻ കഴിയില്ല. മീൻ കേട്ടതേയില്ല മറ്റുവഴിയില്ലാതെ ഒടുവിൽ ആമ മീനിനെ പുറത്തിരുത്തി കരയിലേക്ക് നീന്തി. പക്ഷേ, കരയിലെത്തിയതും മീൻ പിടയാൻ തുടങ്ങി. ശ്വാസം കിട്ടാതെ മീനിന്റെ കണ്ണുകൾ പുറത്തേക്ക് തള്ളി. "ഹയ്യോ,തന്നെ തിരക്കെ കുളത്തിൽ എത്തിക്കണേ. അവൻ കെഞ്ചി. ആമച്ചങ്ങാതി മീനിനെ തിരിക്കെ കുളത്തിൽ എത്തിച്ചു എത്തായായാലും വെള്ളത്തിൽ. "ഈ കുളമാണ് എൻെറ ലോകം നമുക്ക് ചേരാത്ത ഇടത്ത് എത്തണമെന്ന അഗ്രഹം നാശത്തിലേ അവസാനിക്കൂ” മീൻ തന്റെ തെറ്റ് മനസ്സിലാക്കി.

ആരതി പി എം

7 A

# പൊതുവിജ്ഞാനം

1, കേരളത്തിലെ ആദ്യശല്പനഗരം ?

കൊഴികൊട്

2 മുകളിൽ നിന്ന് തഴൊട്ടുള്ള ലിബി ?

ചൈനീസ്

3 മനുഷ്യൻ ആദ്യമായി ക പിടിച്ച ലോഹം?

ചെബ്ബ്

4 പബ്ബയുടെ ദാനം എന്നറിയപ്പെടുന്ന സ്ഥലം?

കട്നാട്

5 ജലത്തിലെ പിഎച്ച എത്ര?

7

6 ഇന്ത്യയിലെ നീളം കൂടിയ പാലം ഏതാണ്?

മഹാത്മാഗാന്ഡി സ്യേതു പാട്ന

7 ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്ത്യ രാജ്യം ഏതാണ്?

ഇന്ത്യ

8 ലോക ചിരി ദിനം?

ജനുവരി 10

9 ലോകത്തിലെ ഏറ്റവും ജനസംഖ്യ കൂടിയ രാജ്യം?

ചൈന

LITTY JOHNSON
9 B

# വർദ്ധിച്ചു വരുന്ന വൃദ്ധസദനങ്ങൾ

ആധുനികതയുടെ പച്ചപരിഷ്ക്കാരങ്ങളിൽ കാലൂന്നി നിൽകുന്ന നമ്മിൽ നന്മയുടെ അംശം അസ്തമിച്ചിരിക്കുന്നു എന്ന തിന്റെ നേർക്കാഴ്ചയാണ് വർദ്ധിച്ചുവരുന്ന വൃദ്ധസദനങ്ങൾ. വളർത്തി വലുതാക്കി തന്നോളം എത്തുമ്പോൾ ഒരുഅത്താണിയായി മാറുമെന്ന് കരുതുന്ന മക്കൾ പലരും മാതാപിതാക്കളെ പിന്നാമ്പുറങ്ങളിലേക്ക് വലിച്ചെറിയുന്നതിന്റെ നേർകാഴ്ചയ്ക്ക് മുമ്പിൽ നാം പകച്ച് നിൽക്കേണ്ടി വരുന്നു.

കൂടുമ്പോൾ ഇമ്പമാകേണ്ട കുടുംബം ത്തിൽ നിന്നുമാണ് ഒരു വ്യക്തി നന്മയുടെ,സ്നേഹത്തിന്റെ,കരുതലിന്റെ ആദ്യപാഠം പഠിക്കേണ്ടത്. നമ്മുടെ ഭവനങ്ങൾ അത്തരത്തിൽ രൂപപ്പെടുത്താൻ നമുക്ക് സാധ്യമാകുന്നുണ്ടോ. കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പ് ശക്തമായാലേ തലമുറകൾ അത് തങ്ങളിലേക്ക് പകർത്തു.. അവിടെ പിന്നെ ആത്മനൊമ്പരങ്ങൾക്കും ഒറ്റപ്പെടുത്തലുകൾക്കും പ്രസക്തിയില്ല. മാതാപിതാക്കളെ സംരക്ഷികുന്നത് കണ്ട് വളരുന്ന കുഞ്ഞുങ്ങൾ ഒരിക്കലും തന്റെ മാതാവിനെയും പിതാവിനെയും തള്ളികളയുക്കെയില്ല... നാം കൊടുക്കുന്നതേ നമുക്ക് കിട്ടുകെയുള്ളു.

ഇന്നലെകളെ ചോര നിരാക്കിയവർക്കായി നമുക്ക് നൽകാൻ കഴിയുന്നതെന്താണ്? വൃദ്ധസദനങ്ങളാണോ? നാളെ എനിക്ക് ഇതാണ് എന്റെ കുഞ്ഞുങ്ങൾ കരുതിവെച്ചിട്ടുണ്ടാകുകയെന്ന സത്യം ആധുനിക തലമുറ തിരിച്ചറിയാൻ കഴിഞ്ഞാൽ ഇതിനൊരു പരിഹാരം കരഗതമാക്കാം. ശരീരത്തിന് ചുക്കും ചുളിവും വീഴുമ്പോൾ സൗന്ദര്യം ക്ഷയിക്കുമ്പോൾ നാം നമ്മുടെ മാതാപിതാക്കളെ തിരസ്ക്കരിക്കുകയാണോ വേണ്ടത്.. നാം സംരക്ഷിക്കേണ്ടവരല്ലേ അവർ.. ഒരുനാൾ നാം അവരാൽ സംരക്ഷിക്കപ്പെട്ടവരല്ലേ... എന്തോ ഈ സത്യം തലമുറ മറന്നുപോകുന്നു

വൃദ്ധരെ കൈത്താങ്ങുന്ന, മാതാപിതാക്കളെ സ്നേഹിക്കുന്ന സംരക്ഷിക്കുന്ന നന്മയുടെ വാഹകരായി മാറാൻ നമുക്ക് ശ്രമിക്കാം. വരും തലമുറകളിലൂടെ വൃദ്ധസദനങ്ങൾ അപ്രത്യക്ഷമാകുന്ന ഒരിടമായി നമ്മുടെ ഈ സുന്ദരലോകത്തെ നമുക്ക് കണികാണാം. ജീവിതമൂല്യങ്ങൾ തലമുറകളിലേക്ക് പരിധികളില്ലാതെ പകർന്ന് നൽകാം.. മനുഷ്യത്വം മരവിയ്ക്കാതെ മനസ്സിനുടമകളായി മാറാം...

ബിൻസി ബാബു

ടീച്ചർ

# സൗഹൃദം

വ്യക്തികൾ തമ്മിലുള്ള ഊഷ്മളബന്ധങ്ങളെയാണ് സൗഹൃദം എന്നു വിളിക്കാറുള്ളത്. മനുഷ്യൻ ഒരു സാമൂഹ്യജീവിയെന്ന നിലക്ക് നല്ല സൗഹൃദബന്ധങ്ങൾ ജീവിതത്തിൽ സന്തോഷവും ആനന്ദവും പ്രദാനം ചെയ്യുന്നു. കൊച്ചുകുട്ടികളിൽ തുടങ്ങി വാർദ്ധക്യത്തിലെത്തി നിൽക്കുന്നവർക്ക് വരെ സുഹൃദ്ബന്ധങ്ങൾ ഒഴിച്ചു കൂടാനാവാത്തത് അതു കൊണ്ടാണ്. പുരുഷന്മാർ പരസ്പരവും സ്ത്രീകൾ പരസ്പരവും സ്ത്രീകളും പുരുഷന്മാരും തമ്മിലും സൗഹൃദബന്ധങ്ങളുണ്ടാവാറുണ്ട്. ചെറിയ പുഞ്ചിരിയിൽ നിന്ന് തുടങ്ങുന്ന ബന്ധങ്ങൾ ജീവിതത്തിൽ മറക്കാൻ പറ്റാത്ത അനുഭവങ്ങളായിമാറാം. നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യമാണ് സുഹൃത്തുക്കൾ.

റിയ വർഗ്ഗിസ്സ്
9 A

# നിധി കിട്ടിയേ

ഒരു ദിവസം കുഞ്ഞിക്കരടി ഉറങ്ങുകയായിരുന്നു.അതിനിടയിൽ അവൻ ഒരു സ്വപ്നം കണ്ടു.വിടിന് മുന്നിലെ ചെടികൾക്കിടയിൽ ഒരു നിധി. ഉറക്കമുണർന്ന കുഞ്ഞികരടി ചെടികൾക്കിടയിൽ കുഴിക്കാൻ തുടങ്ങി. "പ്ഠും പ്ഠും "കുറേ കുഴിച്ചുകഴിഞ്ഞപ്പോൾ കരടി കുഴിയിലേക്ക് നോക്കി "നിധിണ്ടോ?".ഇതു കണ്ടു കൊണ്ടാണ് അമ്മകരടി വന്നത്."മോനെന്താ ഇവിടെ ചെയുന്നത് ?" അമ്മ ചോദിച്ചു "ഞാനൊരു കുഴികുഴിക്കുകയാ "കുഞ്ഞിക്കരടി പറഞ്ഞു "ഹയ്യട മോൻ മിടുക്കനാണല്ലോ എനിക്ക് വാഴത്തൈ നടാനായി കുഴി കുത്തി തന്നു അല്ലേ." അമ്മകരടി വാഴത്തൈ കൊണ്ടുവന്നു കുഞ്ഞിക്കരടി ഉണ്ടാക്കിയ കുഴിയിൽ കുഴിച്ചുവച്ചു . "ഇതാ ,ഇത് എന്റെ മിടുക്കൻ മോന്" . അമ്മ ഒരു വലിയ പാത്രം നിറയെ തേൻ കൊണ്ടുവന്ന് കുഞ്ഞിക്കരടിക്ക് കൊടുത്തു. "ഇതായിരുന്നു അപ്പോൾ ഞാൻ കണ്ട നിധി അല്ലേ ?" കുഞ്ഞിക്കരടിക്ക് സന്തോഷമായി.

അഥീന വി

6B

# ആദ്യ വിദ്യാലയം അത്മവിദ്യാലയം

അകലെയകയാണലകിലെനിക്കെന്നും
അതിദിവ്യമാമാദ്യവിദാലയം
എവിടെയായാലും മറക്കുകില്ലാദ്യ
വിദ്യാലയത്തിൽ പവിത്ത്രസ്മരണകൾ

ഞാനെൻ മനസ്സുമായി രമിച്ചും
ചങ്ങാതിമാരൊത്തു കളിച്ചും
പഠിച്ചുവളർന്ന ചുവടുകൾ പിന്നിട്ടതാ
തിരുമുറ്റത്തിൽ സ്നേഹോഷ്മളതയിൽ

അകലെയകലെയാണലകിലെനിക്കെന്നും
അതിദിവ്യമാമാദ്യ വിദ്യാലയം
ഒരു മാത്രകൂടിക്കൊതിക്കുന്നിതെൻമനം
ആദ്യവിദ്യാലയത്തിരുമുറ്റത്തെത്തുവാൻ

ജോവിറ്റ മറിയം ജൂലിയൻ
9A

# ബാല്യം..

മനസ്സിന്റെ പുസ്തക താളുകളിൽ
സൂക്ഷിച്ചുവെച്ച എൻ മയിൽപ്പീലികൾ
എവിടെയോ അപ്രത്യക്ഷമായിടുന്നു
കാലത്തിൻ ഗതി മാറിയുള്ള
ഈ ഒഴുക്കിൽ മറന്നിടുന്നുവോ
എൻ കുട്ടിക്കാലവും കുസൃതിത്തരങ്ങളും
അച്ഛൻതൻ കൈവിരൽ പിടിച്ച്
പിടിച്ച് പിറകിലേക്ക് നോക്കി നടന്നീടുന്ന
ആ ബാല്യം ഇന്നെനിക്ക് നഷ്ടമാകുന്നുവോ
കളിചിരികൾ നിറഞ്ഞീടുന്ന
എൻ ബാല്യകാലം ഞാൻ മറന്നുവോ
കളിക്കൂട്ടുകാരനുമൊത്ത് മാവിൻ ചുവട്ടിൽ
കറങ്ങി മാമ്പഴം പെറുക്കിയതും
ഞാൻ മറന്നോ??
ഞാൻ സൂക്ഷിച്ചുവെച്ചു എൻ ഓർമ്മതൻപുസ്തകം
കാലത്തിന്റെ ഗതിമാറിയ ഒഴുക്കിൽ
മറന്നീടുന്നുവോ.............................????

സ്നേഹ ജോസഫ്
9A

# ദീപം

ദീപം മറച്ചു വയ്ക്കരുത്
വചനദീപം മറച്ചുവയ്ക്കരുത്
വചനം ശ്രവിച്ചു സ്വികരിച്ചും
വചനദീപമായി നാം മാറുമ്പോൾ

പറയുടെ കീഴിലും കട്ടിലിനടിയിലും
വിളക്കുകൊളുത്തി വയ്ക്കില്ലല്ലോ
പീഠത്തിൽ വയ്ക്കുന്ന ദീപം പൊലെ
പ്രശോഭിതരായ് നമ്മുക്ക് ജീവിക്കാം

നിങ്ങൾ അളക്കുന്ന അളവിൽ തന്നെ
നിങ്ങൾക്കും അളന്ന് ലഭിച്ചിട്ടും
കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ
യേശുവിൻ മൊഴി നിത്യജീവദായകം


അക്സ സജി
9A

# കുഞ്ഞുവരകൾ










# ഡിജിറ്റൽ അത്തപ്പൂക്കളം

















നന്ദി

